## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1065  12.06.2014 -ലെ മറുപടിയ്ക്ക്.**

**ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതിയ ബാച്ചുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ജെയിംസ് മാത്യു | | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതിയ ബാച്ചുകൾ അനുവദിക്കുന്നതിൽ സ്വീകരിച്ച മാനദണ്ഡം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ജിയോളജി, കോമേഴ്സ് പോലെ കൂടുതൽ തൊഴിൽ സാദ്ധ്യതകളുള്ള കോഴ്സുകൾ അവഗണിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 24/05/2014-ലെ സ.ഉ.(കൈ.) നം.86/14/പൊവി പ്രകാരം സംസ്ഥാനത്ത് പുതുതായി അധിക ഹയർ സെക്കന്ററിബാച്ചുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. ഇതിന്റെ നടപടിക്രമങ്ങൾ നടന്നുവരുന്നു. ബാച്ചുകൾക്കായി സ്കൂൾ അധികൃതർ അപേക്ഷ നൽകുമ്പോൾ സയൻസ്, കോമേഴ്സ് വിഷയങ്ങൾക്ക് മുൻഗണന നൽകുന്നതായാണ് കണ്ടു വരുന്നത് . ജിയോളജി ഉൾപ്പെട്ട കോമ്പിനേഷൻ അവഗണിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സംസ്ഥാനത്താകെ ' ജിയോളജി' മുഖ്യവിഷയമായി കോഴ്സ് പഠിപ്പിക്കുന്ന എത്ര ഹയർ സെക്കണ്ടറി വിദ്യാലയങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ ? | (ബി) | സംസ്ഥാനത്ത് സർക്കാർ മേഖലയിൽ 30 സ്കൂളുകളിലും, എയ്ഡഡ് മേഖലയിൽ 10 സ്കൂളുകളിലും ജിയോളജി ഉൾപ്പെടുന്ന കോഴ്സുകൾ പഠിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസം- ഹയർസെക്കന്ററി വിദ്യാഭ്യാസം - സംസ്ഥാനത്ത് കൂടുതൽ ഹയർസെക്കന്ററി ബാച്ചുകൾ അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ച് വിജ്ഞാപനം പുറപ്പെടുവിക്കാൻ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (യു) വകുപ്പ്

സ.ഉ. (കൈ.) നം. 86 /2014/പൊവി　　　തീയതി, തിരുവനന്തപുരം 24/05/2014

**പരാമർശം:- (1) 11/06/2013-ലെ സ.ഉ. (കൈ.) നം. 185/13/പൊവി.**

(2) ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ 14/06/2013-ലെ എസി ഡി സി3/16830/എച്ച് എസ് ഇ/2013 നമ്പർ പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം

(3) ഡബ്ലിയു പി (സി) നമ്പർ 7540/2013, 16080/2013, മുതലായ ഹർജികളിന്മേൽ 21/08/2013-ൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.

**(4) ഡബ്ലിയു എ നമ്പർ 1341/2013, 1375/2013 എന്നീ റിട്ട് അപ്പീലുകളിന്മേൽ ബഹു.കേരള ഹൈക്കോടതി 11/04/2014-ൽ പുറപ്പെടുവിച്ച വിധിന്യായം.**

## <u>ഉത്തരവ്</u>

**പരാമർശം (1) ലെ സർക്കാർ ഉത്തരവ് അനുസരിച്ച് ഹയർസെക്കന്ററി സ്കൂളുകൾ ഇല്ലാത്ത സംസ്ഥാനത്തെ 148 പഞ്ചായത്തുകളിൽ രണ്ടു ബാച്ചുകൾ വീതം ഉൾക്കൊള്ളുന്ന ഓരോ ഹയർസെക്കന്ററി സ്കൂൾ അനുവദിക്കാനും എറണാകുളം മുതൽ വടക്കോട്ടുള്ള എട്ട് ജില്ലകളിൽ പുതുതായി ഹയർസെക്കന്ററി ബാച്ചുകൾ അനുവദിക്കുന്നതിനും നിലവിലുള്ള ഗവൺമെന്റ് /എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ ഓരോ അധിക ബാച്ച് അനുവദിക്കുന്നതിനും സർക്കാർ നയപരമായ തീരുമാനമെടുക്കുകയും ഇങ്ങനെ അനുവദിക്കപ്പെടേണ്ട ആകെ ഹയർസെക്കന്ററി ബാച്ചുകളുടെ എണ്ണം 678 ആയി നിജപ്പെടുത്തുകയും അതനുസരിച്ച് അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശവും നൽകുകയുണ്ടായി. മേൽ സർക്കാർ ഉത്തരവ് അനുസരിച്ച്**

പരാമർശം (2) പ്രകാരം ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ പുതുതായി ഹയർസെക്കന്ററി സ്കൂളുകളും ഹയർസെക്കന്ററി അധിക ബാച്ചുകളും അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി .

(2) എന്നാൽ മേൽ സർക്കാർ ഉത്തരവും ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ വിജ്ഞാപനവും ഡബ്ലിയു പി (സി) നമ്പർ 7540/2013, 16080/2013, മുതലായ ഹർജികൾ മുഖേന വിവിധ കാരണങ്ങൾ ഉന്നയിച്ച് ബഹു. കേരള ഹൈക്കോടതി മുമ്പാകെ ചോദ്യം ചെയ്യപ്പെടുകയും ടി കേസുകൾ ബഹു. കേരള ഹൈക്കോടതി പരാമർശം (3) -ലെ വിധിന്യായപ്രകാരം തീർപ്പാക്കുകയുമുണ്ടായി. ടി വിധി പ്രകാരം കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം (V)- ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം സർവ്വെ നടത്തി വിദ്യാഭ്യാസ ആവശ്യകത ബോധ്യപ്പെട്ടശേഷം മാത്രം പുതിയ ഹയർസെക്കന്ററി സ്കൂളുകളും അധിക ബാച്ചുകളും അനുവദിച്ചാൽ മതിയെന്ന് ഉത്തരവാകുകയുണ്ടായി. ടി വിധിയ്ക്കെതിരെ സംസ്ഥാന സർക്കാർ റിട്ട് അപ്പീൽ നമ്പർ 1341/2013 പ്രകാരം ബഹു. കേരള ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയും ടി റിട്ട് അപ്പീലിൽ 11/04/2014-ൽ സംസ്ഥാന സർക്കാരിനനുകൂലമായി വിധി പ്രഖ്യാപിച്ച് തീർപ്പാകുകയുമുണ്ടായി.

(3) മേൽ റിട്ട് അപ്പീലിലെ വിധിന്യായത്തിന്റെ വെളിച്ചത്തിൽ സംസ്ഥാനത്ത് പുതുതായി ഹയർസെക്കന്ററി സ്കൂളുകളും അധിക ബാച്ചുകളും അനുവദിക്കുന്നത് സർക്കാർ പുന:പരിശോധനയ്ക്ക് വിധേയമാക്കുകയും ഈ അദ്ധ്യയന വർഷം, അതായത് 2014-15, സംസ്ഥാനത്ത് പുതുതായി ഹയർസെക്കന്ററി സ്കൂളുകൾ അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തു. എന്നാൽ വിദ്യാഭ്യാസ ആവശ്യകത അനുസരിച്ച് അധിക ബാച്ചുകൾ അനുവദിക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുവാൻ തീരുമാനിക്കുകയുമുണ്ടായി.

(4) മേൽ സാഹചര്യങ്ങളിൽ സംസ്ഥാനത്ത് സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലും താഴെപറയുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായി അധിക ഹയർസെക്കന്ററി ബാച്ചുകൾ അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(5) <u>മാനദണ്ഡങ്ങൾ</u>

(i) താഴെപറയുന്ന മുൻഗണനാ ക്രമത്തിലായിരിക്കണം അധിക ഹയർസെക്കന്ററി ബാച്ചുകൾ അനുവദിക്കേണ്ടത്.

1. ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ.
2. കോർപ്പറേറ്റ് മാനേജ്മെന്റ് നടത്തുന്ന എയ്ഡഡ് ഹയർസെക്കന്ററി സ്കൂൾ.
3. വ്യക്തിഗത/ട്രസ്റ്റ് മാനേജ്മെന്റുകൾ നടത്തുന്ന എയ്ഡഡ് ഹയർസെക്കന്ററി സ്കൂൾ.

(ii) ഹയർസെക്കന്ററി സ്കൂളുകളിൽ അധികബാച്ചുകൾ അനുവദിക്കുമ്പോൾ കൂടുതൽ സീറ്റുകൾ ആവശ്യമായി വരുന്ന റവന്യൂ ജില്ലയ്ക്കായിരിക്കും മുൻഗണന നൽകുക.

(iii) സർക്കാർ മേഖലയിൽ അധിക ഹയർസെക്കന്ററി ബാച്ചുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ സമർപ്പിക്കേണ്ടതാണ്. എയ്ഡഡ് മേഖലയിൽ അധിക ഹയർസെക്കന്ററി ബാച്ചുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട ഹയർസെക്കന്ററി സ്കൂൾ മാനേജർമാർ സമർപ്പിക്കേണ്ടതാണ്.

(iv) അപേക്ഷകൾ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ നിശ്ചയിക്കുന്ന മാതൃകയിലുള്ള ഫാറത്തിൽ സമർപ്പിക്കേണ്ടതാണ്.

(v) അപേക്ഷകൾ ബന്ധപ്പെട്ട ഹയർസെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ മുഖേന ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രിൻസിപ്പൽമാർ/ മാനേജർമാർ സമർപ്പിക്കേണ്ടതാണ്.

(vi) എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ നിന്നുള്ള അപേക്ഷകൾ സംസ്ഥാന ട്രഷറിയിൽ 0202-01-102-97 (03) other receipts എന്ന അക്കൗണ്ട് ഹെഡിൽ 500/- രൂപ അപേക്ഷ ഫീസായി അടച്ചതിന്റെ ചലാൻ സഹിതം സമർപ്പിക്കേണ്ടതാണ്. സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിൽ നിന്നുള്ള അപേക്ഷകൾക്ക് ഫീസുണ്ടായിരിക്കുന്നതല്ല.

(vii) അപേക്ഷകസ്കൂളിന് താഴെപ്പറയുന്ന ഭൗതിക സൗകര്യങ്ങൾ ഉണ്ടായിരിക്കണം.

| | |
|---|---|
| സ്ഥല സൗകര്യം | - കുറഞ്ഞത് 1.2 ഹെക്ടർ |
| കെട്ടിട സൗകര്യം | - കെ.ഇ.ആർ വ്യവസ്ഥകൾ പ്രകാരം |
| ക്ലാസ് റൂം സൗകര്യം | - ഒരുബാച്ചിന് 9X6X3.70 മീറ്റർ<br>ഭാഷാ വിഭാഗത്തിന് 6X6X 3.70 മീറ്റർ |
| ലബോറട്ടറി സൗകര്യം | - ഓരോ സയൻസ് വിഷയത്തിനും 12X6X3.70 മീറ്റർ വീതം. കൂടാതെ നിശ്ചിത ലബോറട്ടറി ഉപകരണങ്ങൾ ലഭ്യമാക്കണം. |

(viii) സർക്കാർ മേഖലയിലുള്ള അപേക്ഷകസ്കൂളിന് മുകളിൽ പറഞ്ഞ ഭൗതിക സൗകര്യങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

(6) അപേക്ഷകളുടെ അർഹത നിർണ്ണയിക്കുന്നതിന് താഴെപറയുന്ന കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്.

(i) അപേക്ഷക സ്കൂൾ സ്ഥിതി ചെയ്യുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള ഹൈസ്കൂളുകളുടെ എണ്ണം.

(ii) പ്രസ്തുത ഹൈസ്കൂളുകളിൽ നിന്ന് 2014 മാർച്ചിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതി ഉന്നത പഠനത്തിന് അർഹരായ കുട്ടികളുടെ എണ്ണം.

(iii) അഞ്ച് കി.മീ.ചുറ്റളവിലുള്ള ഹയർസെക്കന്ററി/ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളുടെ എണ്ണം.

(iv)പ്രസ്തുത ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ നിലവിലുള്ള സീറ്റുകളുടെ എണ്ണം.

(v)അഞ്ച് കി.മീ. ചുറ്റളവിൽ ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി ഇല്ലാത്ത ഹൈസ്കൂളുകളുടെ എണ്ണം, പ്രസ്തുത ഹൈസ്കൂളുകളിൽ നിന്ന് 2014 മാർച്ചിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതി ഉന്നത പഠനത്തിന് അർഹരായ കുട്ടികളുടെ എണ്ണം.

(vi) സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും അപേക്ഷക സ്ഥാപനം നിലനിൽക്കുന്ന പ്രദേശത്തിന്റെ അവസ്ഥ, ഇതിലേക്ക് പ്രദേശത്തിന്റെ അപ്രാപ്യത, അടുത്ത ഹയർസെക്കന്ററി സ്കൂളുകളിലേക്കുള്ള ദൂരം, ഗതാഗത സൗകര്യങ്ങൾ, പ്രദേശത്തെ അടിസ്ഥാന സൗകര്യങ്ങൾ, പ്രദേശത്തെ ദുർബല വിഭാഗങ്ങളുടെ സാന്നിധ്യത്തിന്റെ തോത് തുടങ്ങിയവ പരിഗണിക്കാവുന്നതാണ്.

(vii)അപേക്ഷക ഹയർസെക്കന്ററി സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിൽ നിലവിലുള്ള ക്ലാസ്സുകളുടെയും വിദ്യാർത്ഥികളുടെയും എണ്ണം.

(viii)അപേക്ഷകസ്കൂളിന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ അക്കാദമികമായ നേട്ടങ്ങൾ.

(ix) പ്രദേശത്തിന്റെ വിദ്യാഭ്യാസപരമായ അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിന്റെ ആവശ്യകത.

(7) അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ലഭിച്ച അപേക്ഷകൾ മുഴുവൻ വിശദമായി പരിശോധിച്ച് ഓരോ അപേക്ഷയും അപഗ്രഥിച്ച് സംഗ്രഹിച്ച് വ്യക്തമായ ശുപാർശസഹിതം 07/06/2014-ന് മുൻപായി ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിക്കേണ്ടതാണെന്നും ഇതോടൊപ്പം നിർദ്ദേശിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ആർ. ശ്രീകല ദേവി,**

**ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി.**

ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ ഹയർസെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.

തദ്ദേശ സ്വയം ഭരണ വകുപ്പ്.
ധനകാര്യവകുപ്പ്.
പൊതുഭരണ (എസ്.സി) വകുപ്പ്( ഇനം നം.5258 തീയതി 21/05/2014)
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് വകുപ്പ്
(വ്യാപക പ്രചാരത്തിനായി)
പൊതുവിദ്യാഭ്യാസ (റ്റി) വകുപ്പ്.
ഇൻഫർമേഷൻ ആഫീസർ, വെബ്& ന്യൂ മീഡിയ, തിരുവനന്തപുരം (ഗവൺമെന്റ് വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.